# "മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും"

# ഏകദിന ശിൽപ്പശാല നടത്തി

എറണാകുളം റൂറൽ ജില്ലാ പോലീസ് മുതിർന്ന പൗരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫ്രൻസ് ഹാളിൽ വെച്ച് "മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും" എന്ന വിഷയത്തിൽ 10.03.2018 തീയ്യതി ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു.

മുതിർന്ന പൗരന്മാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും, നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും അതുവഴി അവർക്കിടയിലെ പോലീസിൻെറ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി അവരിലേക്കെത്തിക്കുന്നതിനും ലക്ഷ്യമിട്ട് ഇന്ന് (10.03.2018) രാവിലെ 10.00 മണിക്ക് സംഘടിപ്പിച്ച ശിൽപ്പശാലയിൽ റൂറൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും മുതിർന്ന പൗരന്മാരും, പോലീസ് ഉദ്യോഗസ്ഥരുമടക്കം 300 പേർ പങ്കെടുത്തു.

വാർദ്ധക്യ കാല ജീവിതം വെല്ലുവിളിയായി മാറുന്ന കാലിക സമൂഹത്തിൽ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും പൂർണ്ണമായും ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാരിൻെറ നിർദ്ദേശാനുസരണം പോലീസ് വകുപ്പ് വിവിധ കർമ്മപരിപാടികൾ നടപ്പാലാക്കി വരുന്നു. നിലവിൽ എറണാകുളം റൂറൽ ജില്ലയിൽ ജനമൈത്രി സംവിധാനം വഴി റസിഡൻസ് അസ്സോസിയേഷനുകളുടെ സഹകരണത്തോടെ എല്ലാ പോലീസ് സ്റ്റേഷനുകളുടെയും പരിധിയിലുള്ള മുതിർന്ന പൗരൻമാരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നുണ്ട് ഇതിനു വേണ്ടി എല്ലാ പോലീസ് സ്റ്റേഷനുകളിലും എൽഡർ ഫ്രണ്ടിലി ഓഫീസർ മാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ബി.എസ്.എൻ.എൽ ലുമായി സഹകരിച്ച് സീനിയർ സിറ്റിസൺ ഒറ്റയ്ക്ക് താമയിക്കുന്ന വീടുകളും സമീപത്തെ പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിച്ച് ഹോട്ട് ലൈൻ സംവിധാനം ഏപ്രിൽ മാസം മുതൽ നടപ്പിൽ വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

റൂറൽ ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി ശ്രീ. അബ്ദുൾ റാഷി അദ്ധ്യക്ഷത വഹിച്ച് പദ്ധതി വിശദീകരണം നടത്തിയ ചടങ്ങിൻെറ ഉദ്ഘാടനം കേരള സംഗീത നാടക അക്കാദമി വൈസ് ചെയർമാൻ ശ്രീ. സേവ്യാർ പുൽപ്പാട്ട് നിർഹിച്ചു. പ്രസ്തുത ശിൽപ്പശാലയിൽ ആലുവ മുൻസിപ്പൽ 15 ാം വാർഡ് കൗൺസിലർ ശ്രീമതി.ലോലിതശിവദാസൻ, റവ.ഫാദർ ജേക്കബ് മണ്ണാറപ്രായിൽ, അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി ശ്രീ.എൻ.ആർ.ജയരാജ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് ചർച്ചയും ആയതിന് ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി മറുപടിയും നൽകി. ചടങ്ങിൽ എ.എസ്.ഐ ശ്രീ.എ,പി.ഷാജിമോൻ കൃതജ്ഞത രേഖപ്പെടുത്തി.


ഏകദിന ശില്പശാല
DISTRICT POLICE OFFICE
ERNAKULAM RURAL
ALUVA
KERALA POLICE
ERANAKULAM RURAL




ഏകദിന ശില്പശാല
DISTRICT POLICE OFFICE
ERNAKULAM RURAL
ALUVA


ഏകദിന ശില്പശാല
DISTRICT POLICE OFFICE
ERNAKULAM RURAL
ALUVA

